പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **2906** 22.02. 2016- ലെ മറുപടി

**പ്രവാസി ക്ഷേമ പദ്ധതി**

ചോദ്യം

ശ്രീമതി. കെ.എസ്.സലീഖ

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

എ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിലെ മലയാളികളുടെ എണ്ണം എത്ര ; ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി ചെയ്യുന്നത് എവിടെയാണ്;നിതാഖത് കർശനമാക്കിയ സൗദി അറേബ്യയിൽ ജോലി നോക്കുന്ന പ്രവാസി മലയാളികളുടെ എണ്ണം എത്ര;വിശദാംശം ലഭ്യമാക്കുമോ;

എ) നോർക്ക വകുപ്പിനു വേണ്ടി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 പ്രകാരം വിവിധ വിദേശ രാജ്യങ്ങളിലെ ആകെ പ്രവാസിമലയാളികളുടെ എണ്ണം 16,25,653 എന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ കേരളീയർ ജോലി ചെയ്യുന്ന രാജ്യം യു.എ.ഇ ആണ്. കൂടാതെ സൗദി അറേബ്യയിൽ 4,21,313 പേർ ജോലി ചെയ്യുന്നു എന്നാണ് സർവ്വേ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

ബി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ഏറ്റവും പുതിയ കണക്കു പ്രകാരം സംസ്ഥാനത്തെ ബാങ്കുകളിലെ പ്രവാസികളുടെ നിക്ഷേപം എത്ര കോടി രൂപയാണ്;

ബി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ 2015 സെപ്തംബർ മാസം വരെ 1,17,000 കോടിയോളം രൂപ കേരളത്തിലെ വിവിധ ബാങ്കുകളിൽ വിദേശ മലയാളികളിൽ നിന്നുള്ള ഡെപ്പോസിറ്റായി ലഭിച്ചിട്ടുണ്ട്.

സി)പ്രസ്തുത നിക്ഷേപം സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

സി) പൊതുമേഖലാ ബാങ്കുകളിലെ പ്രവാസികൾ ഉൾപ്പെടെയുള്ളവരുടെ നിക്ഷേപം ആർ.ബി.ഐ മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് വിനിയോഗിക്കപ്പെടുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് നിയമപരമായി ഇടപെടുവാൻ കഴിയുമെന്നുതോന്നുന്നില്ല.

ഡി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ സ്വപ്ന സാഫല്യം പദ്ധതി മുഖേന എത്ര പ്രവാസി മലയാളികളെ നാട്ടിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

ഡി) സ്വപ്ന സാഫല്യം പദ്ധതി മുഖേന 94 പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

മറുപുറം ▶▶

| | |
|---|---|
| ഫ) നാളിതുവരെ നിതാഖത് വഴി തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾ എത്രയെന്നും ഇവർക്ക് തൊഴിൽ തുടങ്ങാനുംപുനരധിവാസത്തിനും മറ്റുമായി എത്ര തുക ചെലവഴിച്ചുവെന്നും ആയതു പ്രകാരം എത്ര പേർക്ക് സഹായം ലഭ്യമായെന്നും ഇതുമായി ബന്ധപ്പെട്ട് ഇനിയും എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ; | ഇ) സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് 01.04.2013 മുതൽ 31.12.2013 വരെ നോർക്ക റൂട്ട്സ് കേരളത്തിലെ എയർപോർട്ടുകളിലും, ഓൺലൈനിലും ഏർപ്പെടുത്തിയിരുന്ന രജിസ്ട്രേഷൻ സംവിധാനത്തിൽ 22634 പേർ സൗദി അറേബ്യയിൽ നിന്നും തിരികെയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2013ൽ നിതാഖത്ത് മുഖാന്തരം തിരികെയെത്തുന്ന പ്രവാസി കേരളീയരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു പാക്കേജിന് രൂപം നൽകുകയും അതിലുൾപ്പെടുത്തിയിരുന്ന നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ് പദ്ധതിയിലൂടെ സ്വയം തൊഴിൽ വായ്പകൾ നൽകി വരികയും ചെയ്യുന്നുണ്ട്. സൗദി അറേബ്യയിൽ നിന്നും തിരികെയെത്തി രജിസ്റ്റർ ചെയ്ത 22634 പേരോട് സ്വയം തൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച് അധിക വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും അങ്ങനെ അധിക വിവരങ്ങൾ 5783 പേർ ലഭ്യമാക്കിയിട്ടുമുണ്ട്. ഇവരിൽ സ്ക്രീനിംഗ് കഴിഞ്ഞവരുൾപ്പെടെ തിരികെയെത്തിയ 1072 പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുകയും ഇതിലേക്കായി 6.68 കോടി രൂപ സബ്സിഡി ഇനത്തിൽ ബാങ്കുകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. അധിക വിവരങ്ങൾ ലഭ്യമാക്കിയവരിൽ സ്ക്രീനിംഗ് പൂർത്തിയാക്കിയ 2841 പേരുടെ അപേക്ഷകൾ ബാങ്കുകൾക്ക് കൈമാറികഴിഞ്ഞു. അതിന്മേൽ വായ്പ ലഭ്യമാക്കുന്നതിന് ബാങ്കുകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവരുടെ വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കി ജില്ലാതലത്തിൽ സ്ക്രീനിംഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2016 ജനുവരി 1 മുതൽ അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിക്കുന്നത്. 2016 ജനുവരി 31 വരെ ഓൺലൈനായി അപേക്ഷിച്ച 1418 പേരുടെ |

മറുപുറം →

സ്ക്രീനിംഗ് എല്ലാ ജില്ലകളിലും പുരോഗമിക്കുന്നു. ഇവരുടെ അപേക്ഷകൾ 29.02.2016 ന് മുമ്പ് ബാങ്കുകൾക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നത്

| ചോദ്യം | ഉത്തരം |
| --- | --- |
| എഫ്)പ്രവാസികാര്യ വകുപ്പ് നിർത്തലാക്കി വിദേശകാര്യ വകുപ്പിൽ ലയിപ്പിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം റദ്ദാക്കാൻ സംസ്ഥാന സർക്കാർ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;<br><br>ജി)കേന്ദ്ര സർക്കാർ തീരുമാനം പുന:പരിശോധിക്കുവാനും പ്രവാസി സംരക്ഷണം ഉറപ്പുവരുത്താനും ഈ സർക്കാർ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | എഫ് & ജി) കേന്ദ്ര പ്രവാസീകാര്യ മന്ത്രാലയം നിറുത്തലാക്കിയ നടപടി പ്രവാസികളുടെ വിവിധ വിഷയങ്ങളിൽ വിവിധ മന്ത്രാലയങ്ങളുടെ ഏകോപനത്തിലൂടെ പരിഹാരം കാണുന്നതിന് തടസ്സമാകുമെന്നുള്ളതിനാൽ ഈ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് സംസ്ഥാന സർക്കാരിന്റെ ശക്തമായ പ്രതിഷേധം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര പ്രവാസീകാര്യ മന്ത്രാലയം നിറുത്തലാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ഇക്കാര്യത്തിലുള്ള ആശങ്ക അറിയിച്ച്കൊണ്ട് ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിയ്ക്ക് കത്ത് നൽകുകയും, മുഖ്യമന്ത്രിയുടേയും, പ്രവാസീകാര്യ മന്ത്രിയുടേയും നേതൃത്വത്തിൽ കേന്ദ്ര വിദേശ കാര്യമന്ത്രിയെ നേരിൽ കണ്ട് ആശങ്കയും പ്രതിക്ഷേധവും അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനം റദ്ദാക്കണമെന്നതാണ് സർക്കാർ ഉന്നയിച്ചിട്ടുള്ള ആവശ്യം. |

സെക്ഷൻ ഓഫീസർ

പട്ടിക 2 : ജോലി ചെയ്യുന്ന പ്രവാസികളുടെ എണ്ണം ( രാജ്യം തിരിച്ച് )

| ക്രമ.നം | രാജ്യത്തിന്റെ പേര് | പെൺ | ആൺ | ആകെ |
|---|---|---|---|---|
| 1 | യുഎസ്എ | 13292 | 40350 | 53642 |
| 2 | കാനഡ | 2096 | 4254 | 6350 |
| 3 | യു കെ | 10362 | 19929 | 30291 |
| 4 | ജർമ്മനി | 595 | 1325 | 1920 |
| 5 | മറ്റു യൂറോപ്യൻ രാജ്യങ്ങൾ | 1086 | 2723 | 3809 |
| 6 | നൈജീരിയ | 76 | 774 | 850 |
| 7 | ലിബിയ | 253 | 558 | 811 |
| 8 | മറ്റു ആഫ്രിക്കൻ രാജ്യങ്ങൾ | 422 | 3700 | 4122 |
| 9 | സൗദിഅറേബ്യ | 16540 | 404773 | 421313 |
| 10 | യു എ ഇ | 22839 | 484248 | 507087 |
| 11 | കുവൈറ്റ് | 11664 | 80116 | 91780 |
| 12 | ഒമാൻ | 4318 | 84920 | 89238 |
| 13 | ഖത്തർ | 4196 | 109199 | 113395 |
| 14 | ബഹറിൻ | 3513 | 57895 | 61408 |
| 15 | ഇറാക്ക് | 84 | 679 | 763 |
| 16 | ഇറാൻ | 45 | 428 | 473 |
| 17 | സിങ്കപ്പൂർ | 1137 | 4794 | 5931 |
| 18 | മലേഷ്യ | 255 | 5291 | 5546 |
| 19 | മറ്റു ഏഷ്യൻ രാജ്യങ്ങൾ | 1049 | 7938 | 8987 |
| 20 | ന്യൂസിലാൻഡ് | 808 | 1381 | 2189 |
| 21 | ആസ്ത്രേലിയ | 3939 | 6770 | 10709 |
| 22 | മറ്റു രാജ്യങ്ങൾ | 757 | 5482 | 6239 |
| | **ആകെ** | **99326** | **1327527** | **1426853** |